**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 520** **10-07-2024 - ൽ മറുപടിയ്ക്ക്**

**വിംഗ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എസ്.സി., എസ്.ടി. വിദ്യാർഥികളുടെ പൈലറ്റാവുകയെന്ന സ്വപ്നം യാഥാർഥ്യമാക്കുന്ന വിംഗ്സ് പദ്ധതി വ്യാപകമാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിനായി കോഴ്സ് ഫീസ് പൂർണ്ണമായും നൽകുന്നുണ്ട്. മുൻപ് പട്ടികവിഭാഗത്തിൽനിന്നുള്ള ഒരു വിദ്യാർത്ഥിക്ക് മാത്രമായിരുന്നു സ്കോളർഷിപ്പ് നൽകിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു വർഷം മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്കും രണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു മറ്റർഹ വിദ്യാർത്ഥിക്കും വിദ്യാഭ്യാസ സഹായം നൽകുന്നതിന് വിങ്ങ്സ് എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇരുപത്തിനാല് ലക്ഷത്തോളം രൂപയാണ് കോഴ്സ് ഫീസായി ഒരു വിദ്യാർത്ഥിക്ക് ഗഡുക്കളായി അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന പൈലറ്റ് കോഴ്സിന് സ്കോളർഷിപ്പ് നേടിയ എല്ലാ വിദ്യാർത്ഥികളും കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) | വിങ്ങ്സ് പദ്ധതി പ്രകാരം തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് (single engine) കോഴ്സ് ചെയ്യുന്ന 6 പട്ടികജാതി വിദ്യാർത്ഥികളിൽ 3 വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും തെരെഞ്ഞെടുത്ത രണ്ട് വിദ്യാർത്ഥികൾ പഠനം തുടർന്ന് വരുന്നു. കൂടാതെ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് ( മൾട്ടി എഞ്ചിൻ ) പരിശീലനം കൂടി ചെയ്യുന്നതിനായി 5 പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | വിവിധ എയർലൈൻ കമ്പനികളിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് (single engine) കോഴ്സിനു പുറമെ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് ( മൾട്ടി എഞ്ചിൻ ) പരിശീലനം കൂടി നേടിയെങ്കിൽ മാത്രമേ കൂടുതൽ ജോലി സാധ്യതയുള്ളുവെന്നതിനാൽ |

| | | | |
|---|---|---|---|
| | | | പട്ടികജാതി വിഭാഗത്തിൽ നിന്നും 5 വിദ്യാർത്ഥികൾക്ക് മൾട്ടി എഞ്ചിൻ പരിശീലനത്തിനു കൂടി അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ